പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 187 **27-10-2026-ൽ മറുപടിയ്ക്ക്**

വ്യവസായിക പുരോഗതിയ്ക്കായുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. ആർ. അനിൽ
ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കേരളത്തിന്റെ ജി.ഡി.പി.യിൽ സേവന മേഖലയ്ക്കാണ് മുൻതൂക്കമെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെങ്കിൽ കൃഷി, ഉത്പാദന മേഖലകളിൽ വൻതോതിലുള്ള നിക്ഷേപം വരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

സേവന മേഖല വരുമാനമുണ്ടാക്കുന്നുണ്ടെങ്കിലും, ഉൽപാദന മേഖലയെ അപേക്ഷിച്ച് ഇവിടെ നേരിട്ടുള്ള തൊഴിലവസരങ്ങൾ താരതമ്യേന കുറവാണ്. കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസമുള്ള യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഉൽപാദന മേഖലയുടെ വികസനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

ഉൽപാദന മേഖലയിൽ (Manufacturing Sector) വരുന്ന നിക്ഷേപങ്ങൾ വൈദഗ്ധ്യമുള്ളവർക്കും അല്ലാത്തവർക്കും ഒരുപോലെ ധാരാളം തൊഴിലവസരങ്ങൾ നൽകുന്നു. കേരളത്തിൽ നാളികേരം, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി തുടങ്ങിയ നാണ്യവിളകൾ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. കൃഷിയിലും ഭക്ഷ്യസംസ്കരണ മേഖലയിലും വൻതോതിൽ നിക്ഷേപം നടത്തുന്നതിലൂടെ കാർഷിക ഉൽപന്നങ്ങൾക്ക് മികച്ച മൂല്യവർധനവ് ഉണ്ടാക്കാനും അതുവഴി ഗ്രാമീണ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. വ്യവസായനയത്തിൽ ഭക്ഷ്യ സംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിലെ നിക്ഷേപങ്ങൾക്ക് നിക്ഷേപ സബ്സിഡി നിശ്ചിത മാനദണ്ഡത്തിന് വിധേയമായി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ ചുമതലയേറ്റശേഷം ഇൻവെസ്റ്റ് കേരള സെൽ (ഏകജാലക സംവിധാനം), സരൾ കേരളം തുടങ്ങിയ പുതിയ സംവിധാനങ്ങളിലൂടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്.

ഉൽപ്പാദന മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കിൻഫ്ര-കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്കുകൾ, സ്വകാര്യ വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നിവ വികസിപ്പിച്ചുവരുന്നു.

കൂടാതെ ലോജിസ്റ്റിക്സ് നയം നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിലൂടെ ഉല്പാദനരംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കുവാനാകുമെന്ന് കരുതുന്നു.

(ബി) കേരളത്തിലെ വ്യവസായ രംഗത്ത് ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന ഒരു പദ്ധതിയായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി മാറിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖലയ്ക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിനായി മാറിമാറി വരുന്ന സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

(സി) തൊഴിലില്ലായ്മ പരിഹരിക്കാൻ ഏറ്റവും വലിയ ചാലകശക്തിയാകാൻ എം.എസ്.എം.ഇ.കൾക്ക് കഴിയും എന്നത് പരിശോധിച്ചിട്ടുണ്ടോ; എം.എസ്.എം.ഇ.കൾക്ക് ലൈസൻസിംഗ് നടപടികൾ ലളിതമാക്കുന്നതിനും കുറഞ്ഞ പലിശയ്ക്ക് മൂലധനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്. വ്യവസായ നയത്തിലൂടെയും കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ ലൈസൻസിംഗ് നടപടികൾ വേഗത്തിലാക്കിയും എം.എസ്.എം.ഇ-കൾക്ക് അനുകൂലമായ സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഇത് കൂടാതെ സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന 'സരൾ കേരളം' സംവിധാനത്തിലൂടെ വേഗത്തിൽ ഒരൊറ്റ സംവിധാനത്തിൻ കീഴിൽ, 25 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള എം.എസ്.എം.ഇ-കൾക്ക് ലൈസൻസുകൾ ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കുറഞ്ഞ പലിശയ്ക്ക് മൂലധനം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി മുഖേന വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള എം.എസ്.എം.ഇ.കളുടെ വിപുലീകരണം, ആധുനികവൽക്കരണം, സാങ്കേതികവിദ്യാ നവീകരണം എന്നിവയ്ക്കായി ഇളവുള്ള നിരക്കിൽ ടേം ലോണുകളും പ്രവർത്തന മൂലധനവും ലഭ്യമാക്കുന്നു.

(ഡി) തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാതെ കേരളത്തിന് പൂർണ്ണ വളർച്ച കൈവരിക്കാനാവില്ല എന്നത് കണക്കിലെടുത്ത് ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ കൂടുതൽ വനിതാ പങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മറുപടി: ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ വനിതകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന വനിതാ സംരംഭകർക്കായി നടപ്പിലാക്കിവരുന്ന 'വി മിഷൻ' (WE Mission) വായ്പാ പദ്ധതി പ്രകാരം 51 ശതമാനമോ അതിൽ കൂടുതലോ ഉടമസ്ഥതയും നിയന്ത്രണവും വനിതകൾക്കുള്ള നിലവിലെ ഉൽപ്പാദന, സേവന സംരംഭങ്ങളുടെ വിപുലീകരണം, ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി പദ്ധതി ചെലവിന്റെ 80 ശതമാനം വരെ, പരമാവധി ₹50 ലക്ഷം വരെ വായ്പ, ഇളവുള്ള പലിശ നിരക്കിൽ ലഭ്യമാക്കുന്നു.

സംരംഭക സഹായ പദ്ധതിയിലൂടെ വനിതാ വിഭാഗത്തിന് അധിക സബ്സിഡി നൽകിയും മാർജിൻമണി ഗ്രാന്റിൽ മുൻഗണനനൽകിയും ചെറുകിട ഇടത്തരം വ്യവസായങ്ങളിൽ വനിതാ

പ്രാതിനിധ്യം ഉറപ്പുവരുത്തുന്നു.

ഒരു കുടുംബം ഒരു സംരംഭം പദ്ധതിയുടെ 50% ഗുണഭോക്താക്കളും വനിതകളാണെന്നത് ചെറുകിട ഇടത്തരം മേഖലയിൽ വനിതകൾക്ക് നൽകുന്ന പ്രാതിനിധ്യത്തെ സൂചിപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ